# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 373 — 24.06.2019 ലെ മറുപടി

## നദികളുടെ സമഗ്ര സംരക്ഷണവും പരിപാലനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>,, കെ.സുരേഷ് കുറുപ്പ്<br>,, പി. ഉണ്ണി<br>,, യു. ആർ. പ്രദീപ് : | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പ്രളയത്തെത്തുടർന്ന് പമ്പാ നദിയുടെ തീരം ദുർബലാവസ്ഥയിലായത് കണക്കിലെടുത്ത് നദിയുടെ സംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി രണ്ടാം ഘട്ടം പമ്പാ ആക്ഷൻ പ്ലാൻ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (എ) 27.11.2018-ന് ചേർന്ന യോഗ തീരുമാനപ്രകാരം രണ്ടാംഘട്ട പമ്പാ ആക്ഷൻ പ്ലാൻ സംബന്ധിച്ച വിശദമായ മാസ്റ്റർ പ്ലാൻ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ പ്രോജക്ട് 2 -ന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ പ്രാരംഭ സർവ്വെ പ്രവർത്തനത്തിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടിയെടുത്തുവരുന്നു. കൂടാതെ ശബരിമല തീർത്ഥാടനകാലത്തിനുമുമ്പായി തീർത്ഥാടനകാലം സുഗമമാക്കുന്നതിനു വേണ്ട പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) നദികളുടെ സമഗ്ര സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് സംസ്ഥാന നദീതട പരിപാലന അതോറിറ്റി രൂപീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) സംസ്ഥാനത്തെ നദികളുടെ സമഗ്രവും സംയോജിതവുമായ വികസനവും സംരക്ഷണവും സാധ്യമാക്കുന്നതിനായി "സംസ്ഥാന നദീതട അതോറിറ്റി" രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. "സംസ്ഥാന നദീതട സംരക്ഷണ |

പരിപാലന അതോറിറ്റി- നിയമത്തിന്റെ കരട് രൂപം തയ്യാറാക്കുന്നതിനായി **കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി.** ഇതിന്റെ **കരട് നിയമം** 31/08/2019 **നകം സർക്കാരിന് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.**

(സി) നിലനിൽപ്പ് ഭീഷണി നേരിടുന്ന നിളാനദിയുടെ സംരക്ഷണത്തിനും വേമ്പനാട്ട് കായലിനെ ഇല്ലാതാക്കാൻ പോന്ന പമ്പ - അച്ചൻ കോവിൽ- വൈപ്പാർ ലിങ്ക് പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കില്ലെന്ന് ഉറപ്പുവരുത്തുന്നതിനും നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി) നിളാ നദി (ഭാരതപ്പുഴ)യുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ പഞ്ചായത്ത് 'മംഗലംപുഴ'-യുടെ സംരക്ഷണപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം ഹരിതകേരളം മിഷന്റെ ഉപദൗത്യമായ "ജലസമൃദ്ധി"യുടെ ഭാഗമായി ഭാരതപ്പുഴ നദീതടത്തിലെ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റികളുടെ നീർത്തടപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം ശാസ്ത്രീയമായ മാലിന്യ സംസ്കരണപദ്ധതികളും നടപ്പിലാക്കേണ്ടതുണ്ട് . NHP -ന കീഴിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന നദികളായ മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായി ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി കൺസൽട്ടൻസി (Consultency) നൽകുന്നതിനു പരിഗണനയിലുണ്ട്.

ദേശീയ ജലവികസന ഏജൻസി (NWDA) നദീ സംയോജന പദ്ധതിക്കായി തയ്യാറാക്കിയ Peninsular Component-ൽ 16-ാമത്തെ ഇനമായി ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ- അച്ചൻകോവിൽ -വൈപ്പാർ ലിങ്ക് പദ്ധതിക്കെതിരെ കേരളം ശക്തമായ പ്രതിഷേധം അറിയിച്ചിട്ടുണ്ട്.

വേമ്പനാട് കായലിൽ പതിക്കുന്ന 5 നദികളെക്കുറിച്ച് (പമ്പ, അച്ചൻകോവിൽ, മീനച്ചിൽ, മണിമല, മൂവാറ്റുപുഴ) സമഗ്രമായി പഠനം നടത്തി സമർപ്പിച്ച CWRDMന്റെ റിപ്പോർട്ടിലും IIT ഡൽഹി നടത്തിയ

പഠന റിപ്പോർട്ടിലും പമ്പ, അച്ചൻ കോവിൽ നദികളിൽ അധിക ജലം ഇല്ല എന്നും, ഇവ സംസ്ഥാന നദികളാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മൂലമുണ്ടാകുന്ന Ecological Impact-നെപ്പറ്റിയും റിപ്പോർട്ടുകളിൽ വിശദീകരിച്ചിട്ടുണ്ട്.

പമ്പ, അച്ചൻകോവിൽ ,വൈപ്പാർ നദീ സംയോജന പദ്ധതിയെ പൂർണ്ണമായി എതിർക്കുന്ന കേരള സർക്കാരിന്റെ നിലപാട് ഈ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയ NWDA-യുടെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, ഗവേണിംഗ് ബോഡി,വാർഷിക ജനറൽ ബോഡി മീറ്റിംഗുകൾ "Special Committee on interlinking of rivers" ന്റെ എല്ലാ യോഗങ്ങളിലും പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പമ്പയും അച്ചൻ കോവിലാറും സംസ്ഥാന നദികളാണെന്നും ആയതിനാൽ ഈ നദികളുടെ ജലത്തിൻ മേലിലുള്ള പൂർണ്ണ അവകാശവും അധികാരവും സംസ്ഥാനത്തിനാണെന്നും കൂടാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ മദ്ധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാവുകയും കുടിവെള്ളക്ഷാമം നേരിടുകയും കുട്ടനാട്ടിലെ കൃഷിനാശത്തിനും വഴിതെളിക്കുകയും ചെയ്യുമെന്ന പഠന റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ കണക്കിലെടുത്ത്കൊണ്ട് കേരള നിയമസഭ പ്രസ്തുത പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് പതിനൊന്നാം നിയമസഭയുടെ ആറാം സമ്മേളനത്തിൽ 06/08/2003-ൽ പ്രമേയം പാസാക്കുകയുണ്ടായി.

NWDA യുടെ 30-ാ മത് വാർഷിക ജനറൽ മീറ്റിംഗിൽ ബഹുമാനപ്പെട്ട

കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രി (WR,RD&GR) കേരളവുമായി ബന്ധപ്പെട്ട നദീസംയോജന പദ്ധതിയുടെ DPR കേരളത്തിന്റെ സമ്മതമില്ലാതെ തയ്യാറാക്കുകയില്ലാ എന്ന് ഉറപ്പുതരികയും ചെയ്തിട്ടുണ്ട്. ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിലും ഇതേ ഉറപ്പ് ലഭ്യമായിട്ടുണ്ട്. പമ്പ അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുവാനുള്ള ഏതൊരു ശ്രമവും തടയുവാൻ വേണ്ട സാദ്ധ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**